## Matthew 7:15-27

ആഴത്തിൽ കുഴിച്ച്, ഉറച്ച അടിസ്ഥാനമിട്ട, വിശ്വാസസൗധം പണിയേണ്ടതിന്റെ ആവശ്യകത എടുത്തുകാണിക്കുകയാണ് കർത്താവ് വി. മത്തായുടെ സുവിശേഷത്തിലൂടെ. വിശ്വാസ ജീവിതം ഉറപ്പുള്ള അടിസ്ഥാനത്തിൻമേൽ പണിയാൻ ക്രിസ്തുവിനോടൊത്ത് മരിക്കുകയും ഉയിർക്കുകയും ചെയ്യുക ആവശ്യമാണെന്ന് പഠിപ്പിക്കുകയാണ് വി. പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനത്തിലൂടെ. ഒരു തലമുറ മുഴുവൻ തിന്മയ്ക്ക് അടിമകളാവുകയും ദൈവത്തിൽ നിന്ന് അകന്നുപോവുകയും ചെയ്തപ്പോൾ, ദൈവപ്രമാണം നിഷ്ഠയോടുകൂടി പാലിച്ചുകൊണ്ട് അനുസരണത്തിലൂടെ മാനവരാശിക്ക് പുതുജീവൻ നല്കിയ നോഹയുടെ ജനനമാണ് ഉൽപത്തി പുസ്തകം വിവരിക്കുന്നത്. പാപത്തിന്റെ ഫലമായ മരുഭൂമിയിലെ 40 വർഷത്തെ ചുറ്റിതിരിയലിനുശേഷം ജോർദ്ദാൻ നദികടന്ന് പുതുജീവിതത്തിനായി വാഗ്ദത്ത ദേശത്ത് പ്രവേശിക്കുന്ന ദൈവജനത്തിന്റെ ചിത്രമാണ് ജോഷ്വയുടെ പുസ്തകത്തിൽ നാം കാണുന്നത്.

ദൈവപ്രമാണം ഇസ്രായേലിനു നല്കിയത് ദൈവത്തിന്റെ പ്രവാചകനായ മോശയായിരുന്നു (പുറ 20.19). ദൈവം നല്കുന്നദേശത്ത് ജീവിക്കാൻ ആവശ്യമായ പ്രമാണങ്ങളായിരുന്നു ഈ നിയമങ്ങൾ. പഴയനിയമ ജനതയുടെ സ്ഥാനത്ത് പുതിയ ജനത്തിനു രൂപം നല്കിയ ക്രിസ്തുവിനെ മോശയെപ്പോലെയുള്ള ഒരു നിയമദാതവായാണ് വി. മത്തായി അവതരിപ്പിക്കുന്നത്. മോശ വാഗ്ദത്തദേശത്ത് വസിക്കാനാവശ്യമായ നിയമമാണ് നല്കിയതെങ്കിൽ, കർത്താവ് നിത്യ സൗഭാഗ്യത്തിലെത്തിച്ചേരാനുള്ള നിയമമാണ് നല്കുന്നത് (മത്ത 5.3ff). മോശ നല്കിയ പത്ത്പ്രമാണങ്ങളുടെ സ്ഥാനത്ത് മത്തായി കർത്താവിന്റെ മലയിലെ പ്രസംഗമാണ് പ്രതിഷ്ഠിക്കുന്നത് (മത്ത 5-7) പഴയനിയമത്തെക്കാൾ വിശിഷ്ടമായ ഒരു നിയമം ജീവിച്ചുകൊണ്ടു മാത്രമേ ദൈവത്തിന്റെ ഭാഗമാകാൻ കഴിയൂ എന്ന് വി. മത്തായി ഓർമ്മിപ്പിക്കുന്നു (മത്ത 5.20). ഈ പുതിയ നിയമങ്ങളെ അവൻ അവതരിപ്പിച്ചത് നിയമത്തിന്റെ പൂർത്തികരണമായിട്ടാണ് (5.17). ക്രിസ്ത്യാനിക്ക് ദൈവം

നല്കുന്ന പുതിയ പ്രമാണമായ മലയിലെ പ്രസംഗത്തിന്റെ ഉപസംഹാരമായിട്ടാണ് ഇന്നത്തെ സുവിശേഷം.
ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കാൻ ശ്രമിക്കണമെന്ന് ഉദ്ബോധിപ്പിച്ചശേഷം കർത്താവിന്റെ സഭയിൽ, സമൂഹത്തിൽ, നാശം വിതയ്ക്കാൻ സാധ്യതയുള്ള ശത്രുക്കളെകുറിച്ചാണ് കർത്താവ് അരുൾ ചെയ്യുന്നത്. നന്നായി ജീവിക്കുകയും ക്രിസ്തുവിനെ അനുഗമിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്ന ശിഷ്യരുടെ യഥാർഥ ശത്രുക്കൾ സഭായ്ക്ക് പുറമേനിന്നുള്ള വിരോധികളയിരിക്കുകയില്ല; മറിച്ച് സഭയുടെ ഉള്ളിൽതന്നെയുള്ളവരായിരിക്കും. അജഗണത്തിനിടയിലേക്ക് ശത്രു പ്രവേശിക്കുന്നത് ചെന്നായിക്കളുടെ വേഷത്തിലല്ല; മറിച്ച് ആടുകളുടെ വേഷത്തിലാണ്. അതുകൊണ്ട് തന്നെ അവരെ തിരിച്ചറിയാൻ പ്രയാസവുമാണ്. അവരെ കണ്ടെത്താൻ ഒരു മാർഗ്ഗമേയുള്ളു; അവരുടെ പ്രവർത്തിയുടെ ഫലം എന്തെന്നു നോക്കുക. അവരുടെ ഫലങ്ങളിൽ നിന്ന് അവരെ അറിയാം എന്ന് കർത്താവ് പറയുന്നു. ആടുകളുടെ വേഷവും ശബ്ദവുമുള്ള ശത്രുവിനെ തിരിച്ചറിയാൻ, അവന്റെ പ്രവർത്തിയുടെ ലക്ഷ്യമെന്തെന്ന് കണ്ടു പിടിക്കുകയാണാവശ്യം. ആത്മീയ പരിവേഷമാകുന്ന ആട്ടിൻകുട്ടിയുടെ വേഷമോ, വിദ്വേഷം ഉള്ളിലൊതിക്കിയ ലാളിത്യമോ ഒന്നും ശിഷ്യത്വത്തിന്റെ അടയാളമായി തെറ്റിദ്ധരിക്കരുത്. കർത്താവ് നമ്മെ ഓർമ്മിപ്പിക്കുന്നു: `ഉള്ളിൽ അവർ കടിച്ചുകീറുന്ന ചെന്നായ്ക്കളാണ്` എന്ന്. കർത്താവ് നിരന്തരം നയിക്കുന്ന സഭയിൽത്തന്നെ രൂപംകൊള്ളാൻ ഇടയുള്ള ശത്രുക്കളെ തിരിച്ചറിയാൻ കഴിയാത്തവന് നഷ്ടം സഹിക്കേണ്ടിവരും.
വീണ്ടും, കർത്താവ് സഭയിൽ സംഭവിച്ചേക്കാവുന്ന ഒരു മൂല്യത്തകർച്ചയിലേയ്ക്ക് വിരൽ ചൂണ്ടുന്നു. മദ്ധ്യപൂർവ്വദേശത്ത് രാജക്കനമ്◌ാരെയാണ് സാധാരണയായി `കർത്തവേ` (adonai) എന്നു ജനം വിളിച്ചിരുന്നത്. ഇസ്രായേൽക്കാർ തങ്ങളുടെ ദൈവത്തെ തങ്ങളുടെ രാജാവായിക്കണ്ടതുകൊണ്ട് കർത്താവേ എന്നു അവനെ വിളിച്ചുവന്നു. ആദിമസഭ ഈ ശീർഷകം ക്രിസ്തുവിന് നൽകി.
സഭ പ്രഘോഷിച്ച ഈ വിശ്വാസത്തിന്റെ അന്തഃസത്ത കുരിശിൽ ദാരുണമായി മരണമടഞ്ഞ ക്രിസ്തു ലോകത്തിന്റെ മുഴുവൻ നാഥനും രാജാവും ദൈവവുമാണെന്നതായിരുന്നു (ഫിലി 2.5-11). യേശു ക്രിസ്തു കർത്താവാണെന്ന് വിശ്വസിച്ചാൽ

രക്ഷസാധ്യമാണെന്നവർ കരുതി (റോമ 10.9). ഈ പശ്ചാത്തലത്തിലാണ് മത്തായിയുടെ സുവിശേഷം അവതരിപ്പിക്കുന്ന ആന്തരികതയ്ക്കുള്ള പ്രാധാന്യം നാം മനസ്സിലാക്കേണ്ടത്. യേശുക്രിസ്തു കർത്താവാണെന്ന് അധരംകൊണ്ട് ഏറ്റുപറയുകമാത്രം ചെയ്യുന്നവൻ രക്ഷപെടണമെന്നില്ല. മറിച്ച് ഈശോയെപോലെ ദൈവഹിതം നിറവേറ്റുന്നവനാണ് ദൈവരാജ്യത്തിൽ പ്രവേശിക്കുന്നത് (മത്ത 7.21). ആദിമ സഭയുടെ 'കർത്താവേ' എന്ന സംബോധനയുടെ സ്ഥാനത്താണ് ഇന്ന് നമ്മുടെ വിശ്വാസപ്രമാണം: കാതോലികമാകയാൽ നമ്മുടെ വിശ്വാസപ്രമാണം യഥാർത്ഥമായിരിക്കാം അതിൽ പറയുന്നതെല്ലാം വലിയ ദൈവശാസ്ത്ര സത്യങ്ങളാണ്. എന്നാൽ ക്രിസ്തുവിന്റെ രാജ്യത്തിൽ പ്രവേശിക്കാൻ കഴിയണമെങ്കിൽ ശരിയായ വിശ്വാസപ്രമാണത്തിന്റെ പ്രഖ്യാപനം മാത്രം പോരാ; ദൈവഹിതം നിറേേവറ്റുന്നവൻ കൂടിയാകണം. ശരിയായ വിശ്വാസപ്രമാണം പ്രഘോഷിക്കുകയും ക്രിസ്തുവിന്റെ നാമത്തിൽ അത്ഭുതങ്ങൾതന്നെ പ്രവർത്തിച്ചാലും അനുദിന ജീവിതത്തിൽ ദൈവഹിതം നിറവേറ്റുന്നതിൽ വീഴ്ചവരുത്തുന്നവന് രക്ഷ സാധ്യമല്ല.

കർത്താവിന്റെ മലയിലെ പ്രസംഗം എല്ലാ നിയമ സംഹിതകളെയും മാറ്റി മറിക്കുന്നതാണ്. ക്രിസ്തു തന്റെ ദൈവസ്നേഹത്തിലും മനുഷ്യസ്നേഹത്തിലും അധിഷ്ഠിതമായ നിയമത്തെ പുതിയ സമൂഹത്തിന്റെ അടിസ്ഥാന പ്രമാണമായി പ്രഖ്യാപിക്കുകയാണ് ഈ സുവിശേഷത്തിന്റെ അവസാന ഭാഗത്ത്: ` എന്റെ ഈ വചനങ്ങൾ ശ്രവിക്കുകയും അവ അനുസരിക്കുകയും ചെയ്യുന്നവൻ പാറമേൽ ഭവനം പണിത...` (V.24ff). ഈ വചനം സ്വീകരിക്കുന്നവന്റെ അന്യരിൽ നിന്നുള്ള വ്യതിരക്തത അറിയാൻ പോകുന്നത് ജീവിതത്തിലെ വലിയ പ്രതിസന്ധികളിലാണ്. പാലസ്തീനായിൽ സാധാരണ മഴ പെയ്യാറില്ല. വർഷം വിരലിലെണ്ണാവുന്ന മഴയേ ഉള്ളു. അതുകൊണ്ട് തന്നെ മണൽപുറത്ത് ഭവനം പണിയുന്നവനും പാറമേൽ അടിസ്ഥാനമിട്ട് ഭവനം പണിയുന്നവനും തമ്മിൽ ജീവിതാനുഭവങ്ങളുടെ കാര്യത്തിൽ വ്യത്യാസമെന്തങ്കിലും സാധാരണയായി കാണാറില്ല. എന്നാൽ വലിയ മഴയുണ്ടാകുമ്പോൾ ശക്തമായ മലവെള്ള പ്രവാഹമുണ്ടാവുകയും അത് ഭവനത്തെയും മറ്റും തകർത്ത് കളയുകയും താഴ്വരകൾ നികത്തികളയുകയും ചെയ്യാറുണ്ട്.

ആഴത്തിൽ കുഴിക്കുന്നവൻ കുടുതൽ ഊർജ്ജവും സമയവും അതിനായ് ചെലവഴിക്കണമെന്നുമാത്രം. വചനത്തിൽ അധിഷ്ഠിതമായ ജീവിതവും അങ്ങനെതന്നെ. ആഴത്തിൽ കുഴിക്കുക: ദൈവാനുഭവങ്ങളിലൂടെ ആഴമായ വിശ്വാസബോധ്യത്തിലേക്ക് വളരുക. ഉദാ. കാനാൻകാരി സ്ത്രീ; ശതാധിപൻ തുടങ്ങി ദൈവമാകുന്ന പാറയേ കണ്ടെത്തിയവർ ധാരളം. നീ മാത്രം അഭയം എന്ന് ദൈവത്തോട് പറയാൻ കഴിയുന്നവനാണ് പാറയിൽ അടിസ്ഥാനമിട്ടവൻ. അവന്റെ സാധാരണ ജീവിതവും അനുഭവങ്ങളും മറ്റൊരു വിശ്വാസിയുടേതിൽനിന്ന് വ്യത്യസ്തമല്ലായിരിക്കാം. പക്ഷേ ശക്തമായ കാറ്റും കോളും ആഞ്ഞടിക്കുമ്പോഴും ക്രിസ്തുതന്നെയാണ് എന്റെ കർത്താവെന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് ഇടുങ്ങിയ വഴിയിലൂടെ അവൻ ക്രിസ്തുവിന്റെ രാജ്യത്ത് പ്രവേശിക്കും. മണൽ പുറത്ത് ഭവനം പണുതവന്റെ വീഴ്ച വലിതായിരുന്നു എന്ന് കർത്താവ് അരുളിചെയ്യുന്നു. ഭവനം പണിയാൻ അധികം അധ്വാനിക്കേണ്ടി വന്നില്ല. ഒറ്റനോട്ടത്തിൽ അവന്റെ ഭവനം പൂർണ്ണമായിരുന്നു, അത് പുറമേ മനോഹരമായിരുന്നു. വിശ്വാസ പ്രമാണത്തിന്റെയും വ്യക്തതയും നിയമത്തോട് ബാഹ്യമായി കാണിക്കുന്ന താല്പര്യയവുമാണ്അവന്റെ ഭവനം മോഹരമായി കാണപ്പെടാൻ കാരണമാകുന്നത് (ഉദാ.പ്രാർത്ഥിക്കാൻേപായ ഫരിസയൻ: ലുക്ക18.9-14). ജീവിതത്തിലെ പ്രതിസന്ധികളിൽ അവന്റെ വിശ്വാസം അവനെ രക്ഷിക്കുകയില്ല. എന്നാൽ ഭവനം പണിയാൻ ആഴത്തിൽ കുഴിക്കുന്നവൻ കർത്താവിന്റെ സ്നേഹത്തിലധിഷ്ഠിതമായി ആത്മീയ ജീവിതം പണിയാൻ സ്വന്തം ഊർജ്ജം വ്യയം ചെയ്യുന്നവനാണ്.

നാം നോമ്പാചരിക്കുകയാണ്. നൂറ്റാണ്ടുകളിലൂടെ നമ്മുടെ പൂർവികർക്ക് വിശ്വാസം കാത്തുസുക്ഷിക്കാൻ കഴിഞ്ഞതിന്റെ കാരണം നോമ്പിലൂടെയും ഉപവാസത്തിലൂടെയും സ്വയം പരിത്യാഗത്തിലൂടെയും ഒപ്പം വ്യക്തമായ വിശ്വാസ പ്രഖ്യാപനത്തിലൂടെയും അവർ ആഴത്തിൽ അടിസ്ഥാനമിട്ട് ഭവനം പണിതു എന്നതാണ്. ഇതുവരെ ഉണ്ടായിരുന്ന കൊടുങ്കാറ്റുകളെ അങ്ങനെ സഭ അതിജീവിച്ചു. ഈ നോമ്പുകാലത്ത് അവരുടെ ദൗത്യം നമുക്കും തുടരാം: നമുക്ക് കർത്താവിനെ കുറിച്ചും അവന്റെ സഭയെകുറിച്ചും വ്യക്തമായ കാഴ്ചപ്പാടുകളുണ്ടായിരിക്കണം; അത് ബൗദ്ധികതലത്തിൽ മാത്രം തെളിഞ്ഞ് നിന്നാൽ പോരാ - ദൈവഹിതം

നിറവേറ്റുന്നതാണെന്ന് ഉറപ്പുവരുത്തുന്നതായിരിക്കണം. കർത്താവിന്റെ വചനത്തിൽ നമ്മുടെ ആത്മീയ ഭവനം പണിയാൻ നമ്മുടെ നോമ്പും, ഉപവാസവും, പരസ്പരസ്നേഹ പ്രവൃത്തികളും, പ്രർത്ഥനകളുമെല്ലാം നമ്മെ സഹായിക്കട്ടെ.

ഫാ. ആന്റണി തറേക്കടവിൽ

www.sundaypulpit.in